വി.ആർ. 1316451/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
26-06-2024

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം-പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യപുരസ്കാരം 2023-24-സംബന്ധിച്ച്

പൊതുവിദ്യാഭ്യാസവകുപ്പ് അധ്യാപകരിലെ മികച്ച എഴുത്തുകാർക്കായി നൽകിവരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യപുരസ്കാരത്തിന് പുസ്തകങ്ങൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സർവ്വീസിലുള്ള അധ്യാപകർക്ക് പുസ്തകങ്ങൾ അയയ്ക്കാവുന്നതാണ്. രചനകൾ സ്വയം നിർദ്ദേശിക്കുന്നതോടൊപ്പം വായനക്കാർക്കും പ്രസാധകർക്കും സാഹിത്യ-സാംസ്കാരിക സംഘടനകൾക്കും അവാർഡ്പരിഗണനയ്ക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണ്. 01-01-2018 മുതൽ 31-12-2022 വരെയുള്ള കാലയളവിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മലയാളഭാഷാപുസ്തകങ്ങളാണ് അയയ്ക്കേണ്ടത്. എഡിറ്റുചെയ്ത പുസ്തകങ്ങളും തർജ്ജമകളും കൈയെഴുത്തുപ്രതികളും പരിഗണിക്കുന്നതല്ല. സർഗാത്മകസാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം എന്നീ മൂന്നുവിഭാഗങ്ങളിൽ പ്രത്യേകം പുരസ്കാരങ്ങളാണ് നൽകുന്നത്. ഇതിനുമുമ്പ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ കൃതികൾ പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താവ് സ്ഥിരനിയമനം ലഭിച്ചയാളും ഇപ്പോൾ സർവ്വീസിൽ തുടരുന്ന ആളുമായിരിക്കണം. മുകളിൽ പരാമർശിച്ച വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച പുസ്തകം മറ്റു പ്രസാധകർ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചതാണെങ്കിൽ അവാർഡിനു പരിഗണിക്കുന്നതല്ല. ഗ്രന്ഥകർത്താവ് അധ്യാപകനായി പ്രവർത്തിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രവും പുസ്തകത്തിന്റെ മൂന്നു കോപ്പികളും സഹിതം **എഡിറ്റർ, വിദ്യാരംഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പുസ്തകങ്ങൾ **31-07-2024 ന് 5.00 മണിക്കു** മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന കവറിന്റെ പുറത്ത് **പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യപുരസ്കാരം 2023-24** എന്നു രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷയുടെ മാതൃക പൂരിപ്പിച്ച് രചനയോടൊപ്പം അയച്ചുതരേണ്ടതാണ്. രചനയോടൊപ്പം രചയിതാവിന്റെ ഫോട്ടോയും ഉൾപ്പെടുത്തേണ്ടതാണ്. ഒന്നിലധികം വിഭാഗങ്ങളിൽ പങ്കെടുക്കുന്നവർ വെവ്വേറെ അപേക്ഷാഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. മത്സരത്തിനയയ്ക്കുന്ന പുസ്തകങ്ങൾ തിരികെ നൽകുന്നതല്ല.

**ഷാനവാസ് എസ്.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താവ്

- സി.ഇ.ഒ., കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
- ജോയിന്റ് ഡയറക്ടർ (അക്കാഡമിക്), ഹയർ സെക്കന്ററി വിഭാഗം
- ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
- എല്ലാ ആർ.ഡി.ഡി.മാർ
- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
- എല്ലാ എ.ഡി.മാർ (വി.എച്ച്.എസ്.ഇ.)
- എല്ലാ പ്രിൻസിപ്പൾമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ മുഖേന)
- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ പ്രാധാനാദ്ധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

## അപേക്ഷാഫോറത്തിന്റെ മാതൃക

# പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യപുരസ്കാരം 2023– 24

| | | |
|---|---|---|
| 1. | അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) | |
| 2. | അയയ്ക്കുന്ന പുസ്തകങ്ങളുടെ പേര് | |
| 3. | പുസ്തകങ്ങളുടെ വിഭാഗം (✓ ചെയ്യുക) | **സർഗാത്മകസാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം** |
| 4. | അധ്യാപകന്റെ/അധ്യാപികയുടെ ഫോൺ നമ്പർ | |
| 5. | വാട്സ്ആപ്പ് നമ്പർ | |
| 6. | സ്കൂളിന്റെ ഇ-മെയിൽ | |
| 7. | പുസ്തകങ്ങൾ നിർദ്ദേശിക്കപ്പെടുന്നതാണെങ്കിൽ നിർദ്ദേശിക്കുന്നവരുടെ പേര്, വിലാസം, ഫോൺ നമ്പർ | |
| 8. | അധ്യാപകന്റെ/അധ്യാപികയുടെ/ നിർദ്ദേശകന്റെ ഒപ്പ് | |

**പ്രിൻസിപ്പാളിന്റെ/പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്**

ശ്രീ./ശ്രീമതി.............................................................................................................................
ഈ വിദ്യാലയത്തിൽ എൽ.പി./യു.പി./എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ജോലി നോക്കുന്നുവെന്നും ടിയാൾ സ്ഥിരനിയമനം ലഭിച്ചയാളാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

പ്രിൻസിപ്പാളിന്റെ/പ്രഥമാധ്യാപകന്റെ ഒപ്പ്

സ്കൂൾ സീൽ